**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Dinesan Cheruvat IAS)

വിഷയം: തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) തസ്വഭവ റൂറൽ ഡയറക്ടറുടെ 15.01.2025 ലെ നം.LSGD/PD/1876/2023-DEE1 നടപടിക്രമം.
2) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2025 ലെ നം.LSGD/PD/44173/2024-VIGE6 നടപടിക്രമം.

**ഉത്തരവ് നമ്പർ .LSGD/PD/1876/2023-DEE1 തീയതി:16-01-2025**

തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും അർഹരായ ജീവനക്കാർക്ക് ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ക്രമ നം.6 ആയി ഉൾപ്പെടുത്തി സ്ഥാനക്കയറ്റം നൽകിയിട്ടുള്ള ശ്രീമതി. മേഘാ തിലക് (പെൻ.764747) എന്നവരെ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ടിയാൾക്ക് പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളത് റദ്ദ് ചെയ്തും, പകരം സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലെ സീനിയോരിറ്റി റാങ്ക് പട്ടികയിലെ ക്രമമനുസരിച്ച് അർഹതയുള്ള ജീവനക്കാരന് സ്ഥാനക്കയറ്റം നൽകിയും പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

മേൽസാഹചര്യത്തിൽ പരാമർശം (1) ഉത്തരവിൽ ക്രമ നം.6 ആയി ഉൾപ്പെടുത്തി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള ശ്രീമതി. മേഘാ തിലക് (പെൻ.764747) എന്നവരുടെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം റദ്ദ് ചെയ്തുകൊണ്ടും, പകരം സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലെ സീനിയോരിറ്റി റാങ്ക് പട്ടികയിലെ ക്രമമനുസരിച്ച് അർഹതയുള്ള ജീവനക്കാരന് ചുവടെ ചേർക്കുംവിധം ഫസ്റ്റ് ഗ്രേഡ്

ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ടും പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| Sl No. | Rank No. | Name and PEN | Present Station | Place of Posting |
|---|---|---|---|---|
| 53 | 1482 | Annamma Cherian (127759) | Thalanad Grama Panchayat, Kottayam | Thodupuzha Municipality, Idukki |

പരാമർശം (1) ഉത്തരവിൽ ക്രമ നം.6 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. മേഘാ തിലക് (പെൻ.764747) എന്നവരെ ഒഴിവാക്കേണ്ടതും, പ്രസ്തുത ഉത്തരവിൽ ക്രമ നം.5 ന് തുടർച്ചയായി ബാക്കിയുള്ള ജീവനക്കാരുടെ സീനിയോരിറ്റി ക്രമീകരിക്കേണ്ടതുമാണ്.

മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Signed by
Dinesan Cheruvat
Date: 16-01-2025 16:47:27

**Dr. Dinesan Cheruvat IAS**
**DIRECTOR (RURAL)**

ബന്ധപ്പെട്ട ജീവനക്കാരിക്ക് (നിയന്ത്രണാധികാരി മുഖാന്തിരം).

പകർപ്പ് :
1. തസ്വഭവ റൂറൽ ഡയറക്ടറുടെ സി. എ. യ്ക്ക്.
2. എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം മുഖാന്തിരം).
4. സൂപ്രണ്ട്, GEA സെക്ഷൻ.
5. സൂപ്രണ്ട്, ഐ. ടി. സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.